## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ഗുരുവായൂർ നഗരസഭ - ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധന - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.രഘുരാമനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ. (സാധാ)നം.1721/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 08.08.2019

പരാമർശം :- 1. ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 13.05.2015 തീയതിയിലെ സി.ടി.പി.(വിജി) നം.336/15 നമ്പർ റിപ്പോർട്ട്.

2. ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമന് നൽകിയ 27.01.2016 തീയതിയിലെ തസ്വഭവ-ഇ.യു.1/394/2015/ ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രം.

3. കുറ്റപത്രത്തിന് ശ്രീ. രഘുരാമൻ സമർപ്പിച്ച 20.04.2016 തീയതിയിലെ പ്രതിവാദ പത്രിക.

4. നഗരകാര്യ ഡയറക്ടറുടെ 10.05.2018 തീയതിയിലെ വി3-2258/16 നമ്പർ കത്ത്.

### ഉത്തരവ്

ടൗൺ പ്ളാനർ (വിജിലൻസ്) ഗുരുവായൂർ നഗരസഭയിൽ 04-03-2015 മുതൽ 13-03-2015 വരെ നടത്തിയ മിന്നൽ പരിശോധനയിൽ 19-11-2013 ന് ബി.എ 133/2013-14 നമ്പർ ഫയൽ പ്രകാരം സ്പെഷ്യൽ റസിഡൻഷ്യൽ ബിൽഡിംഗിന് നൽകിയ പെർമിറ്റ് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിന് വിധേയമല്ലെന്ന് കണ്ടെത്തി പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമനെതിരെ അച്ചടക്കനടപടി ആരംഭിക്കുകയും പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ പത്രം നൽകുകയുമുണ്ടായി.

2. പ്രസ്തുത കുറ്റാരോപണ പത്രത്തിന് പരാമർശം മൂന്ന് പ്രകാരം ശ്രീ.രഘുരാമൻ സമർപ്പിച്ച മറുപടിയിൽ പരാമർശ വിധേയമായ കെട്ടിടം അസംബ്ളി ഒക്യുപൻസി വിഭാഗത്തിൽപ്പെടുന്നതായാണ് ചീഫ് ടൗൺ പ്ളാനർ

കണ്ടെത്തിയിരിക്കുന്നതെന്നും പക്ഷേ ഈ കെട്ടിടം സ്പെഷ്യൽ റസിഡൻഷ്യൽ വിഭാഗത്തിൽ പരിഗണിക്കുകയാണെങ്കിൽ ചട്ട ലംഘനങ്ങളൊന്നും തന്നെയില്ലയെന്നും വ്യക്തമാക്കിയിട്ടുണ്ട് എന്നും, ചീഫ് ടൗൺ പ്ളാനറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ 22/02/2016 ന് പെർമിറ്റ് റദ്ദാക്കിയതായും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. സാങ്കേതിക കാര്യങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം സാങ്കേതിക വിഭാഗം ജീവനക്കാർക്ക് മാത്രമാണെന്നും ആയത് മൂലമുണ്ടാകുന്ന വീഴ്ചകൾക്ക് ടിയാൻ ഉത്തരവാദിയല്ലായെന്നും, ആയതിനാൽ നടപടികൾ അവസാനിപ്പിക്കണമെന്നും ടിയാൻ അപേക്ഷിക്കുകയുണ്ടായി.

3. മേൽ വിഷയത്തിൽ നഗരകാര്യ ഡയറക്ടർ പരാമർശം നാല് പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. ബി.എ 133/2013-14 നമ്പറായി ശ്രീ. അയ്യപ്പൻനായർ Basement+Ground floor+Ist floor+II floor+Terrace ഉൾപ്പെടെ 2745 m2 വിസ്തൃതിയിൽ സ്പെഷ്യൽ റസിഡൻഷ്യൽ കെട്ടിട നിർമ്മാണാനുമതിക്കായി സമർപ്പിച്ച അപേക്ഷ വിശദമായ ടേബിൾ സഹിതം കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് പാലിക്കുന്നുവെന്ന് 27/08/2013 ൽ ബിൽഡിംഗ് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തത് അസിസ്റ്റന്റ് എഞ്ചിനീയർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവർ ശുപാർശ ചെയ്ത് മുനിസിപ്പൽ സെക്രട്ടറിക്ക് സമർപ്പിക്കുകയും, ഫയർ എൻ.ഒ.സി ലഭിച്ചതിനുശേഷം 19/11/2013 ൽ സെക്രട്ടറി പെർമിറ്റ് അനുവദിക്കുകയും ചെയ്തു. കെ.എം.ബി.ആർ റൂൾ 30 പ്രകാരം സ്പെഷ്യൽ റസിഡൻഷ്യൽ സോണിലാണ് കെട്ടിടം വരികയെന്നും, എന്നാൽ കെട്ടിടത്തിനകത്ത് ഓഡിറ്റോറിയം ഉൾപ്പെടുത്തിയതിനാൽ അസംബ്ളി ഒക്യുപൻസി എന്ന നിഗമനത്തിലാണ് സി.റ്റി.പി. (വിജിലൻസ്) കെ.എം.ബി.ആർ പ്രകാരമുള്ള ലംഘനങ്ങൾ ചൂണ്ടിക്കാണിച്ചിരിക്കുന്നതെന്നും മുനിസിപ്പൽ സെക്രട്ടറിയും മുനിസിപ്പൽ എഞ്ചിനീയറും വിശദീകരിക്കുകയുണ്ടായി എന്നും, മൊത്തം വിസ്തൃതിയിൽ 600m2 ഓളം ഏരിയ ഡൈനിംഗ് ഹാൾ, കോൺഫറൻസ് ഹാൾ എന്നിവ ഉൾപ്പെടുന്നു. സ്പെഷ്യൽ റസിഡൻഷ്യൽ സോണായി പരിഗണിച്ചാൽ കെട്ടിട നിർമ്മാണത്തിൽ വയലേഷൻ ഇല്ലെന്നാണ് മുനിസിപ്പൽ അധികൃതരുടെ വിശദീകരണം. കെ.എം.ബി.ആർ റൂൾ 30 പ്രകാരം ടി കെട്ടിടം സ്പെഷ്യൽ റസിഡൻഷ്യൽ വിഭാഗത്തിൽ പരിഗണിക്കാവുന്നതാണ്. വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 22/02/2016 ന് ടി പെർമിറ്റ് റദ്ദാക്കിയതായി ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട് എന്നും, ആയതിനാൽ ശ്രീ. രഘുരാമൻ മേൽ ക്രമക്കേടിന് ഉത്തരവാദിയല്ലായെന്നും തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തു.

4. കെ.എം.ബി.ആർ-ലെ ചട്ടം 30(3)(ഇ) പ്രകാരം assembly occupancy-യ്ക്കായി ഉപയോഗിക്കുന്ന കെട്ടിടഭാഗം 150 ച.മീ.ൽ കൂടുതൽ ആണെങ്കിൽ കെട്ടിടം assembly building ആയി പരിഗണിക്കേണ്ടതാണ് എന്നും, പ്രസ്തുത കെട്ടിടത്തിൽ 150 ച.മീൽ കൂടുതലുള്ള കോൺഫറൻസ് ഹാൾ, ഡൈനിംഗ് ഹാൾ എന്നിവ ഉള്ളതിനാൽ കെട്ടിടം assembly building ആയി പരിഗണിയ്ക്കേണ്ടതും ചട്ടം 55(1) പ്രകാരം പ്രസ്തുത പെർമിറ്റ് നൽകുന്നതിന് മുമ്പ് നഗരാസൂത്രണ വകുപ്പിൽ നിന്നും ലേ ഔട്ട് അംഗീകാരം ലഭ്യമാക്കേണ്ടതുമായിരുന്നു എന്നും, പ്രസ്തുത വ്യവസ്ഥ സംബന്ധിച്ച് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ ഒന്നും തന്നെ പരാമർശിക്കുന്നില്ല എന്നും ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തു.

5. സാങ്കേതിക കാര്യങ്ങളുടെ പൂർണ്ണ ഉത്തരവാദിത്തം സാങ്കേതിക വിഭാഗം ജീവനക്കാർക്ക് മാത്രമാണെന്നും ആയത് മൂലമുണ്ടാകുന്ന വീഴ്ചകൾക്ക് താൻ ഉത്തരവാദിയല്ലായെന്നും, ആയതിനാൽ നടപടികൾ അവസാനിപ്പിക്കണമെന്നും ശ്രീ. രഘുരാമൻ അപേക്ഷിച്ചു.

6. ചീഫ് ടൗൺ പ്ലാനർ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായതിനു ശേഷം മാത്രമാണ് പ്രസ്തുത കെട്ടിടത്തിന് നഗരസഭാ സെക്രട്ടറിയായ ശ്രീ. രഘുരാമൻ ചട്ടവിരുദ്ധമായി അനുവദിച്ചു നൽകിയ പെർമിറ്റ് റദ്ദ് ചെയ്തത്. സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം നിർമ്മാണാനുമതി നൽകിയതിൽ സെക്രട്ടറിയുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുള്ളതായി കാണുന്നു. ടി നടപടി അംഗീകരിക്കത്തക്കതല്ല.

7. ഈ സാഹചര്യത്തിൽ, ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ രഘുരാമനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി, KCS(CC&A) Rules 1960 Rule 11(1)(iii) പ്രകാരം ടിയാന്റെ ഒരു വർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ജെയ്സി പോൾ**
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.

ചെയർമാൻ/ ചെയർപേഴ്സൺ, ഗുരുവായൂർ നഗരസഭ.

ശ്രീ. രഘുരാമൻ, സെക്രട്ടറി, പാലക്കാട് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ .

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.